നം-24 (ആർ. ഇ.-98)/1999-2000 പ്രകാരം കേന്ദ്രസർക്കാരിന്റെ വാണിജ്യ മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

(സി-എം) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വനം വകുപ്പിലെ റെയ്ഞ്ചർമാരുടെ കാറ്റഗറി

72 (2785) ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ഏതെല്ലാം കാറ്റഗറിയിൽപ്പെട്ട റെയ്ഞ്ചർമാരാണുള്ളത് ;

(ബി) ഇവർ തമ്മിലുള്ള അനുപാതം കാലകാലങ്ങളിൽ തുല്യമായി നിലനിർത്തണമെന്ന് സർക്കാർ ഉത്തരവുണ്ടോ ;

(സി) ഓരോ കാറ്റഗറിയിലും നിശ്ചയിച്ചിട്ടുള്ള റെയ്ഞ്ചർമാരുടെ എണ്ണം എത്ര ;

(ഡി) ഏറ്റവും കുറവ് റെയ്ഞ്ചർമാർ ഏത് കാറ്റഗറിയിലാണ് ;

(ഇ) ഈ കാറ്റഗറിയിലെ റെയ്ഞ്ചർമാരുടെ എണ്ണം മറ്റ് കാറ്റഗറികൾക്ക് തുല്യമാകുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) വനം വകുപ്പിൽ താഴെ പറയുന്ന നാല് കാറ്റഗറിയിൽപ്പെട്ട റെയ്ഞ്ചർമാരാണുള്ളത്.

1. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കുന്ന പി. എസ്. സി. (ഫോറസ്ട്രി) ബിരുദധാരികൾ.

2. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കുന്ന പി.എസ്.സി. ബിരുദധാരികൾ (ഫോറസ്റ്റ് അപ്രന്റീസ്)

3. വനം വകുപ്പിലെ ഫോറസ്റ്റർ/ഡെപ്യൂട്ടി റെയ്ഞ്ചർ തസ്തികയിൽ നിന്നും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തെരഞ്ഞെടുക്കപ്പെടുന്നവർ.

4. ഡെപ്യൂട്ടി റെയ്ഞ്ചർ തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം മുഖേന നിയമനം നൽകപ്പെടുന്നവർ.

(ബി) ഉണ്ട്.

(സി)

കാറ്റഗറി 1	49
കാറ്റഗറി 2	50
കാറ്റഗറി 3	50
കാറ്റഗറി 4	50
ആകെ	199

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാറ്റഗറി ഒന്നിൽപ്പെട്ട പി.എസ്.സി. (ഫോറസ്ട്രി) ബിരുദധാരികളാണ് ഏറ്റവും കുറവായിട്ടുള്ളത്.

(ഇ) നടപടി എടുത്തുവരുന്നു.

പാലക്കാട് ജില്ലയിലെ ഫോറസ്റ്റ് ഗാർഡ് തസ്തികയിലെ ഒഴിവുകൾ

73 (2786) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ഫോറസ്റ്റ് ഗാർഡ് തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും പ്രസ്തുത തസ്തികയിലേയ്ക്ക് 1999 മാർച്ചിനുശേഷം നിയമനം നടത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 23 ഒഴിവുകൾ

(ബി) ഏഴുപേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1980-ലെ കേന്ദ്ര റിസർവ് ഫോറസ്റ്റ് ആക്ട്

74 (2787) ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ.ആർ. ഗൗരിഅമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1980-ലെ കേന്ദ്ര റിസർവ് ഫോറസ്റ്റ് ആക്ട് അനുസരിച്ച് നദികളിൽനിന്നും മണൽ ശേഖരിക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത നിയമത്തിന് വിരുദ്ധമായി റിസർവ് വനത്തിൽക്കൂടി ഒഴുകുന്ന ഏതെങ്കിലും നദികളിൽ നിന്നും മണൽ ശേഖരിക്കുന്നതിന് ആർക്കെങ്കിലും അനുവാദം കൊടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആർക്കെല്ലാം ; അതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) കായംകുളം തെർമൽ പ്ലാന്റിന്റെ ആവശ്യത്തിനായി വാമനപുരം നദി, കരമനയാറ്, കല്ലാറ്, എന്നീ നദികളിൽ നിന്നും മണൽവാരുന്നതിന് ആർക്കെല്ലാമാണ് അനുമതി നൽകിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly